# മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത്

## വാർഷിക ബഡ്ജറ്റ് 2024-25

ബഹുമാനപ്പെട്ട പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. എൻ രാജു, ബഹുമാന്യരായ ഗ്രാമപഞ്ചായത്ത് ജനപ്രതിനിധികൾ, സോക്രട്ടറി, ഉദ്യോഗസ്ഥ സുഹൃത്തുക്കളെ,

2024 - 25 വാർഷിക പദ്ധതി കാലയളവിലേക്ക് നടത്താൻ ഉദ്ദേശിക്കുന്ന വിവിധ ക്ഷേമ പദ്ധതികളുടെയും വികസന, സേവന പ്രവർത്തനങ്ങളുടെയും വിഭവസമാഹരണത്തിന്റെയും ചെലവഴിക്കലിന്റെയും ഒരു സമഗ്ര രേഖയായ ഈ ബജറ്റ് എല്ലാ മേഖലകളെയും പരിഗണിച്ചുകൊണ്ടാണ് തയ്യാറാക്കിയിട്ടുള്ളത്.

പതിനാലാം പഞ്ചവത്സര പദ്ധതിയുടെ മൂന്നാമത്തെ വർഷത്തിൽ, ഈ ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ നാലാമത്തെ ബഡ്ജറ്റ് ആണ് ഇന്നിവിടെ അവതരിപ്പിക്കുന്നത്. കഴിഞ്ഞ കാലങ്ങളിൽ നടത്തിയ വികസന, ക്ഷേമ പ്രവർത്തനങ്ങളുടെ നേട്ടങ്ങളും കോട്ടങ്ങളും ഉൾക്കൊണ്ട് കൂടുതൽ മെച്ചപ്പെട്ട നിലവാരത്തിലേക്ക് നമ്മുടെ ബ്ലോക്ക് പഞ്ചായത്തിനെ ഉയർത്തിക്കൊണ്ടുവരണമെന്ന കാഴ്ചപ്പാട് മുൻനിർത്തി തയ്യാറാക്കിയ ബഡ്ജറ്റ് ആണിത്. പതിനാലാം പദ്ധതി വിഭാവനം ചെയ്യുന്ന പ്രകൃതി വിഭവങ്ങളുടെ സംരക്ഷണം ഉറപ്പാക്കി കൊണ്ടുള്ള സുസ്ഥിരവികസനം തന്നെയാണ് നമ്മുടെയും ലക്ഷ്യം. പിന്നോക്ക വിഭാഗങ്ങൾ ഉൾപ്പെടെയുള്ള പാർശ്വവൽക്കരിക്കപ്പെട്ട സമൂഹത്തെ പൂർണ്ണമായും ഉൾക്കൊള്ളുന്ന വികസനമാണ് നാം ലക്ഷ്യമാക്കുന്നത്. ഒമ്പതാം പഞ്ചവത്സര പദ്ധതിക്കാലത്ത് നടപ്പിലാക്കിയ ആസൂത്രണ നിർവഹണ പ്രക്രിയയായ ജനകീയ ആസൂത്രണ പദ്ധതി ആയതിന്റെ 25 വർഷം പൂർത്തിയാക്കി നാടിന്റെ വികസന കുതിപ്പിന് നൽകുന്ന ഊർജ്ജം ഉൾക്കൊണ്ടാണ് നമ്മുടെ ഓരോ ചുവടുവയ്പ്പും.

പ്രാദേശിക സർക്കാരുകളുടെ വരവ് ചെലവ് കണക്കുകൾ ധനകാര്യ സ്റ്റാൻഡിങ് കമ്മിറ്റിയുടെ ശുപാർശയോടെ പ്രത്യേക യോഗത്തിൽ വെച്ച് അവതരിപ്പിക്കണമെന്ന പഞ്ചായത്ത് രാജ് ആക്ടിലെ നിർദ്ദേശമനുസരിച്ച് 2024 - 25 സാമ്പത്തിക വർഷത്തെ പ്രതീക്ഷിത വരവ് ചിലവ് കണക്കുകളും പ്രധാന പദ്ധതി നിർദേശങ്ങളും ബഹുമാനപ്പെട്ട അധ്യക്ഷന്റെ അനുവാദത്തോടെ ഞാൻ അവതരിപ്പിക്കുകയാണ്.

**ഉത്പാദനമേഖല**

കാർഷിക, മൃഗസംരക്ഷണ, ക്ഷീരമേഖലയെ അഭിവൃദ്ധിപ്പെടുത്തുന്നതിനും നവധാന്യങ്ങളുടെയും മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളുടെയും ഉൽപാദനം,വിപണനം എന്നിവ അത്യാധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടുകൂടി നിർവഹിക്കുന്നതിനുമുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിനുമാണ് ഊന്നൽ നൽകിയിട്ടുള്ളത്.

ഡ്രോൺ ഉപയോഗിച്ച് നെൽകൃഷിയിൽ വളപ്രയോഗം.

ശാസ്ത്രീയ കൃഷിയിൽ സാങ്കേതികവിദ്യ പ്രയോഗിച്ച് ഉത്പാദനം മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തിന്റെ ഭാഗമായി നെൽകൃഷിയിൽ ഡ്രോൺ ഉപയോഗിച്ച് വളപ്രയോഗം നടത്തുന്നതിനായി ബഡ്ജറ്റിൽ 7 ലക്ഷം രൂപ വകയിരുത്തുന്നു.

ക്ഷീര സമൃദ്ധി - പ്രകൃതിദത്ത തീറ്റയിലൂടെ എന്ന പദ്ധതിയിലൂടെ ക്ഷീരകർഷകർക്ക് വൈക്കോലിന് സബ്സിഡി തുകയിനത്തിൽ 8 ലക്ഷം രൂപ വകയിരുന്നു.

ക്ഷീര കർഷകരുടെ ക്ഷേമം ലക്ഷ്യമാക്കി പാലിന് സബ്സിഡി ഇനത്തിൽ 7 ലക്ഷം രൂപ വകയിരുത്തുന്നു.

ക്ഷീരകർഷകർക്ക് കാലിത്തീറ്റ സബ്സിഡി 850000 രൂപ വകയിരുത്തുന്നു.

കുടുംബശ്രീ മുഖേന മധുരക്കിഴങ്ങ് കൃഷി

മധുരക്കിഴങ്ങ് കഴിക്കുന്നതിന്റെ പ്രാധാന്യം ജനങ്ങളിലേക്ക് എത്തിക്കുന്നതിന്റെ ഭാഗമായി മാടപ്പള്ളി ബ്ലോക്കിലെ എല്ലാ വീട്ടിലും മധുരക്കിഴങ്ങ് കൃഷി നടത്തുന്നതിനായി ഈ ബഡ്ജറ്റിൽ 3 ലക്ഷം രൂപ വകയിരുത്തുന്നു. രോഗപ്രതിരോധശേഷി വർദ്ധിപ്പിക്കുന്നതിനും ജീവിതശൈലി രോഗങ്ങളെ തടയുന്നതിനും സഹായിക്കുന്ന മധുരക്കിഴങ്ങിന്റെ ഗ്ലൈസമിക് സൂചിക കുറവായതിനാൽ പ്രമേഹ രോഗികൾക്കും കഴിക്കാം എന്നതാണ് ഇതിന്റെ സവിശേഷത.

വിള ആരോഗ്യ കേന്ദ്രം അഗ്രോ ഫാർമസി പ്രവർത്തനങ്ങൾക്ക് 150000 രൂപ വകയിരുത്തുന്നു.

പൂവം കിഴക്ക് തൊള്ളായിരം പാടശേഖരത്തിൽ മോട്ടോർ തറ നിർമ്മാണത്തിനായി 8 ലക്ഷം രൂപ വകയിരുത്തുന്നു.

പുതിയ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും നിലവിലുള്ള തൊഴിൽ യൂണിറ്റുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും നൈപുണ്യ വികസനത്തിനുമായി 21 ലക്ഷം രൂപ വകയിരുത്തുന്നു.

കേരരക്ഷ, ഫലവൃക്ഷത്തൈ വിതരണം, വിവിധ വിളകളുടെ കൃഷി, വനിതാ ഗ്രൂപ്പുകൾക്ക് ബന്ദിപ്പൂ കൃഷി എന്നിവയ്ക്കായി 9,32,500 രൂപ വകയിരുത്തുന്നു.

## സേവനമേഖല

സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി (ലൈഫ്)

ഭൂരഹിത ഭവനരഹിത ഗുണഭോക്താക്കൾക്ക് ഭൂമി ലഭിക്കുന്നതിനായി മനസ്സോടിത്തിരി മണ്ണ് എന്ന പദ്ധതിയുടെ പ്രാധാന്യം കൂടുതൽ ജനങ്ങളിലേക്ക് എത്തിക്കുന്നതിനായി ബോധവൽക്കരണം നടത്താൻ ഉദ്ദേശിക്കുന്നു.

ഭവനരഹിതരില്ലാത്ത കേരളം എന്ന ലക്ഷ്യവുമായി കേരള സർക്കാർ 2016ൽ ആരംഭിച്ച ലൈഫ് ഭവന നിർമ്മാണ പദ്ധതി എട്ടാം വർഷത്തിലേക്ക് കടക്കുമ്പോൾ മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്തിലെ ഭവനരഹിതർക്ക് സുരക്ഷിത ഭവനം നിർമ്മിക്കുന്നതിനായി 2024- 25 വാർഷിക പദ്ധതിയിൽ ജനറൽ, എസ് സി, എസ് ടി വിഭാഗങ്ങൾക്കായി 70,47000 രൂപ വകയിരുത്തുന്നു.

പിഎംഎവൈ ലൈഫ് ഭവന പദ്ധതിയിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വിഹിതവും ത്രിതല പഞ്ചായത്തുകളുടെ പദ്ധതിവിഹിതവും ചേർത്ത് ഒരു വീട് നിർമ്മിക്കുന്നതിന് 4 ലക്ഷം രൂപ അനുവദിക്കുന്നു. പൊതുവിഭാഗത്തിൽ നിന്നും ........ കുടുംബങ്ങൾക്കും പട്ടികജാതി വിഭാഗത്തിൽനിന്ന്......... കുടുംബങ്ങൾക്കും ധനസഹായം നൽകുന്നതിന് ആകെ................രൂപ വകയിരുത്തുന്നു.

## സാമൂഹ്യക്ഷേമം

മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് അഭിമാനപൂർവ്വം അവതരിപ്പിക്കുന്നു വയോജന കലോത്സവം.

വാർദ്ധക്യം ഒറ്റപ്പെടാൻ ഉള്ളതല്ലെന്നും പ്രായം വെറും സംഖ്യ മാത്രമാണെന്നും തെളിയിക്കുന്നതിനായി വയോജനങ്ങളെ ചേർത്തുപിടിച്ചുകൊണ്ട് അവർക്ക് പൂർണ്ണ പിന്തുണ പ്രഖ്യാപിച്ചു കൊണ്ട്, വയോജന കലോത്സവത്തിനായി ഈ ബഡ്ജറ്റിൽ ഒരു ലക്ഷം രൂപ വകയിരുത്തുന്നു.

സാനിറ്ററി പാഡുകൾ ഉയർത്തുന്ന പരിസ്ഥിതി പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി, സാധാരണക്കാരായ സ്ത്രീകൾക്ക്, സാമ്പത്തികമായും ആരോഗ്യപരമായും ഉപകാരപ്പെടുന്ന, പരിസ്ഥിതി സൗഹൃദവും സുസ്ഥിരവുമായ മെൻസ്ട്രുവൽ കപ്പ് വിതരണം ചെയ്യുന്നതിനായി ഗ്രാമപഞ്ചായത്തുകൾക്കുള്ള വിഹിതമായി 6 ലക്ഷം രൂപ വകയിരുന്നു.

ബാലസൗഹൃദ സ്മാർട്ട് അംഗൻവാടികൾക്കായി 10 ലക്ഷം രൂപ വകയിരുത്തുന്നു.

ഭിന്നശേഷിക്കാർക്ക് വേണ്ടിയുള്ള ക്ഷേമപരിപാടികളും വികസന പരിപാടികളും ഏറ്റെടുത്ത് നടപ്പിലാക്കാൻ മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് പ്രതിജ്ഞാബദ്ധമാണ്. ഭിന്നശേഷി സമൂഹത്തിന്റെ സർഗാവിഷ്കാരങ്ങൾക്ക് പൊതുവേദിയൊരുക്കി അവരെ മുഖ്യധാരയിലേക്ക് ഉയർത്തിക്കൊണ്ടുവരുന്നതിനായി ഈ വർഷവും ഭിന്നശേഷി കലോത്സവം നടത്തുന്നു. അതിനായി 125000 രൂപ വകയിരുത്തുന്നു.

വിവിധ ഗ്രാമപഞ്ചായത്തുകളിലെ ഭിന്നശേഷി കുട്ടികൾക്കുള്ള സ്കോളർഷിപ്പ് പദ്ധതിക്കായി 25 ലക്ഷം രൂപ വകയിരുത്തുന്നു.
ഒരു നാടിന്റെ വളർച്ചയിൽ കലയും സംസ്കാരവും വലിയ പങ്കുവഹിക്കുന്നു എന്നതുകൊണ്ട് തന്നെ പുരോഗമനാത്മകമായ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന കലാസാംസ്കാരിക പ്രവർത്തനങ്ങൾക്ക് മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് എപ്പോഴത്തെയും പോലെ തന്നെ ഈ വർഷവും നേതൃത്വം കൊടുക്കുന്നു.

വജ്ര ജൂബിലി ഫെലോഷിപ്പ് നേടുന്ന കലാകാരന്മാർക്ക് ഓണറേറിയം നൽകുന്നതിനായി 2 ലക്ഷം രൂപ വകയിരുത്തുന്നു.

ബ്ലോക്ക് തല കേരളോത്സവം നടത്തുന്നതിന് 75,000 രൂപ വകയിരുത്തുന്നു.

ബ്ലോക്ക് പഞ്ചായത്തിലെ വിവിധ ഡിവിഷനുകളിലെ ഗ്രന്ഥശാലകൾക്ക് ഫർണിച്ചർ അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിന് 4,71,100 രൂപ വകയിരുത്തുന്നു.

വിദ്യാഭ്യാസം

വായനാശീലം പ്രോത്സാഹിപ്പിക്കുന്നതിന് അക്ഷരജ്വാല വായനക്കളരി

ഇന്നത്തെ സമൂഹത്തിൽ ദൃശ്യ ശ്രവ്യ മാധ്യമങ്ങളുടെ അതിപ്രസരം, പ്രത്യേകിച്ചു മൊബൈൽ ഫോൺ പോലുള്ള ഉപകരണങ്ങളുടെ ഉപയോഗം വായന തീർത്തും ഇല്ലാതാക്കിയിരിക്കുന്ന ഈ കാലഘട്ടത്തിൽ, വരും തലമുറയ്ക്ക് വായനയുടെ പുത്തൻ അനുഭവം നൽകുന്നതിനായി അക്ഷരജ്വാല വായന കളരിക്ക് 150000 രൂപ വകയിരുത്തുന്നു.

വിവിധ ഗ്രാമപഞ്ചായത്തുകളിലെ വിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 10 ലക്ഷം രൂപ വകയിരുത്തുന്നു.

**ആരോഗ്യം**

ഡയാലിസിസ് രോഗികൾക്ക് ധനസഹായം നൽകുന്നതിനായി ബ്ലോക്ക് വിഹിതം 2 ലക്ഷം രൂപ വകയിരുത്തുന്നു.

സെക്കൻഡറി പാലിയേറ്റീവ് പദ്ധതി നടപ്പാക്കുന്നതിനായി 13 ലക്ഷം രൂപ വകയിരുത്തുന്നു.

ബ്ലോക്ക് പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ വൈദ്യുതി ലൈൻ ദീർഘിപ്പിക്കുന്നതിനും തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിനും ആയി 29,50,000 രൂപ വകയിരുത്തുന്നു.

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാരുടെ സാമ്പത്തിക വികസനം, സാമൂഹിക വികസനം, പശ്ചാത്തല സൗകര്യ വികസനം എന്നിവ കൈവരിക്കുന്നതിന് വിവിധ പദ്ധതികൾ നടപ്പിലാക്കാൻ ബ്ലോക്ക് പഞ്ചായത്ത് പ്രതിജ്ഞാബദ്ധമാണ്.

ആധുനിക അടുക്കള നിർമ്മാണ പദ്ധതി - നളം

ഏതൊരു വീടിന്റെയും ഹൃദയവും ആത്മാവുമാണ് അടുക്കളകൾ. ഭക്ഷണം തയ്യാറാക്കുകയും പോഷണം നൽകുകയും നൽകുന്ന സ്ഥലമായ അടുക്കള ആധുനികമായ രീതിയിൽ നവീകരിച്ചെടുക്കുന്നതിനായി പട്ടികജാതി കുടുംബങ്ങൾക്ക് 39 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

പട്ടികജാതി യുവതികൾക്ക് പി എസ് സി കോച്ചിംഗ് - പ്രതീക്ഷ

ഏതൊരാളുടെയും സ്വപ്നമാണ് സർക്കാർ ജോലി സർക്കാർ ജോലി നേടുന്ന നേടുന്നതിനായി കഠിനപ്രയത്നം നടത്തുന്നവരാണ് മലയാളികൾ. പിന്നോക്കാവസ്ഥയിൽ നിൽക്കുന്ന പട്ടികജാതി യുവതികളെ സർക്കാർ ജോലി എന്ന സ്വപ്നത്തിലേക്ക് എത്തിക്കുന്നതിനും ജീവിതം സുരക്ഷിതമാക്കുന്നതിനും മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ കൈത്താങ്ങ്,, പ്രതീക്ഷ പദ്ധതിക്കായി 9 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനസൗകര്യം ഉറപ്പാക്കുന്നതിന് പഠനമുറി നിർമ്മിച്ചു നൽകുന്നതിനായി 14 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

പട്ടികജാതി വനിതകൾ ഉൾപ്പെടുന്ന ഗ്രൂപ്പുകൾക്ക് സ്വയംതൊഴിൽ സംരംഭം തുടങ്ങുന്നതിനായി 5 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

## പശ്ചാത്തല മേഖല

വിവിധ എസ് സി കോളനികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 12 ലക്ഷം രൂപ വകയിരുത്തുന്നു.

മാടപ്പള്ളി എസ് സി പരിശീലന കേന്ദ്രത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന് 14,49,400 രൂപ വകയിരുത്തുന്നു.

ബ്ലോക്ക് പഞ്ചായത്തിന്റെയും വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെയും അടിസ്ഥാന സൗകര്യ വികസനത്തിനായി 19,59,000 രൂപ മെയിന്റനൻസ് ഗ്രാന്റിൽ നിന്നും വകയിരുത്തുന്നു.

## കുടുംബശ്രീ

ദാരിദ്ര്യ നിർമ്മാർജ്ജനം എന്ന ലക്ഷ്യത്തോടെ 1998 സംസ്ഥാനത്ത് സ്വയംഭരണ വകുപ്പ് ആരംഭിച്ച കുടുംബശ്രീ പ്രസ്ഥാനം ഇന്ന് 25 വർഷം പിന്നിട്ട്, സ്ത്രീ ജീവിതത്തിന്റെ സർവ്വ മണ്ഡലങ്ങളെയും സ്പർശിക്കുന്ന ജനകീയ പ്രസ്ഥാനമായി വളർന്നു പടർന്നിരിക്കുകയാണ്. ഏഷ്യയിലെ തന്നെ ഏറ്റവും വലിയ വനിത കൂട്ടായ്മയാണ് കുടുംബശ്രീ പ്രസ്ഥാനം. കുടുംബശ്രീ മുഖേന ഫലവൃക്ഷത്തൈ വിതരണം, എല്ലാ വീടുകളിലും മധുരക്കിഴങ്ങ് കൃഷി, ബന്ദിപ്പൂർ കൃഷി തുടങ്ങി മികച്ച പദ്ധതികൾ 2024 25 വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാൻറ്

രണ്ട് വിഭാഗങ്ങളിലായാണ് കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാൻറ് അനുവദിക്കുന്നത്. ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തെ അടിസ്ഥാന സൗകര്യ വികസനം ഉൾപ്പെടെയുള്ള പ്രവർത്തികൾക്ക് വിനിയോഗിക്കുന്ന ബേസിക് ഗ്രാന്റ്, കുടിവെള്ള വിതരണം, ജലസംരക്ഷണം, മാലിന്യ സംസ്കരണം തുടങ്ങിയ പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കുന്ന ടൈഡ് ഗ്രാന്റ് എന്നീ ക്രമത്തിലാണ് ധനസഹായം ലഭിക്കുന്നത്. റോഡ് നവീകരണം, കലുങ്ക് നിർമ്മാണം, വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ, മോട്ടോർ തറ നിർമ്മാണം തുടങ്ങിയ വിവിധ പദ്ധതികൾക്കായി ആകെ 40.87 ലക്ഷം രൂപ ബേസിക്ഗ്രാന്റ് ഇനത്തിൽ വകയിരുത്തിയിരിക്കുന്നു. കുടിവെള്ള പദ്ധതി, ജലസംരക്ഷണം, മാലിന്യനിർമാർജനം തുടങ്ങിയവയ്ക്കായി ആകെ 61.75 ലക്ഷം രൂപ ടൈഡ് ഗ്രാന്റ് ഇനത്തിൽ വകയിരുത്തിയിരിക്കുന്നു.

## മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

ഗ്രാമീണ മേഖലയിലെ ഓരോ കുടുംബത്തിനും ഒരു സാമ്പത്തിക വർഷം ഏറ്റവും കുറഞ്ഞത് 100 ദിവസത്തെ അവിദഗ്ദ്ധ തൊഴിൽ ദിനങ്ങൾ ആവശ്യാധിഷ്ഠിതമായി പ്രദാനം ചെയ്യുകയും അതുവഴി ദരിദ്രരുടെ ഉപജീവനത്തിനുള്ള വിഭവാടിത്തറ ശക്തിപ്പെടുത്തുന്നതിനുള്ള നിശ്ചിത ഗുണമേന്മയും ഈടുറ്റതുമായ ഉൽപാദന ക്ഷമമായ ആസ്തികൾ സൃഷ്ടിക്കുകയുമാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ലക്ഷ്യം. മണ്ണ്, ജലം, ജൈവ സമ്പത്ത്, പരിസ്ഥിതി എന്നിവയുടെ സംരക്ഷണം ഉറപ്പാക്കി കാർഷിക

മേഖല ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ നിർത്തടാധിഷ്ഠിത പ്രവൃത്തികൾ നീരുറവ് പദ്ധതിയിലൂടെ ഏറ്റെടുക്കുന്നു.

ഗ്രാമീണ ജനതയുടെ ഉപജീവനമാർഗ്ഗം ഉയർത്തുന്നതിന്റെ ഭാഗമായി വ്യക്തിഗത സംരംഭങ്ങൾക്കായി കാലിത്തൊഴുത്ത്, ആട്ടിൻകൂട്, കോഴിക്കൂട്, തീറ്റപ്പുൽ കൃഷി, അസോള ടാങ്ക്, ഫാം പോണ്ട് തുടങ്ങിയവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ, ജലസംഭരണം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി 5 ഗ്രാമപഞ്ചായത്തുകളിലെയും പൊതു കുളങ്ങളുടെ സംരക്ഷണം, ഗ്രാമീണ റോഡുകൾ, ഗ്രാമീണ ചന്തകൾ, കളിസ്ഥലങ്ങൾ, സ്വയംസഹായ സംഘങ്ങൾക്ക് വർക്ക് ഷെഡ് എന്നിവ നിർമ്മിക്കുന്നതിനുള്ള പദ്ധതികൾ കൂടുതലായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

2024 - 25 സാമ്പത്തിക വർഷം മാടപ്പള്ളി ബ്ലോക്കിലെ 5 ഗ്രാമപഞ്ചായത്തുകളിലുമായി........ സജീവ തൊഴിലാളികൾക്ക്........... തൊഴിൽ ദിനങ്ങൾ നൽകുന്നതിനുള്ള ലേബർ ബജറ്റിനും അവിദഗ്ദ്ധ വിദഗ്ദ്ധ തൊഴിലാളികൾക്കുള്ള വേതനം, സാധന ഘടകങ്ങൾക്കുള്ള തുക എന്നിവയ്ക്കായി ആകെ.............. രൂപ ബജറ്റിൽ വകയിരുത്തുന്നു.

ശുചിത്വവും മാലിന്യ സംസ്കരണവും

ശുചിത്വ മാലിന്യ സംസ്കരണം മേഖലയിൽ ബ്ലോക്ക് പഞ്ചായത്ത് നടത്തുന്ന ഇടപെടൽ സജീവമായി തുടരുന്നതാണ്. ബ്ലോക്ക് പരിധിയിലുള്ള 5 ഗ്രാമപഞ്ചായത്തുകളിലെ പ്ലാസ്റ്റിക് പാഴ്‌വസ്തുക്കളുടെ സംഭരണത്തിനും സംസ്കരിച്ച് ക്ലീൻ കേരള കമ്പനിക്ക് കൈമാറ്റം ചെയ്യുന്നതിനുമായി ആരംഭിച്ച ആർ ആർ എഫിന്റെ പ്രവർത്തനങ്ങൾ ഈ വർഷം കാര്യക്ഷമമാക്കാൻ ഉദ്ദേശിക്കുന്നു.

ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിൽ ശൗചാലയ നിർമ്മാണത്തിനായി 5 ലക്ഷം രൂപ വകയിരുത്തുന്നു.

തോടുകളുടെ പുനരുദ്ധാരണം

ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തുള്ള പ്രധാന തോടുകളുടെ പുനരുദ്ധാരണത്തിനായി മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഫണ്ട്, ഗ്രാമ ബ്ലോക്ക് പഞ്ചായത്ത് ഫണ്ടുകൾ മൈനർ ഇറിഗേഷൻ വകുപ്പ് ഫണ്ട് എംഎൽഎമാരുടെ പ്രത്യേക വികസന നിധി എംപിമാരുടെ പ്രാദേശിക വികസന പദ്ധതി തുടങ്ങിയവയുടെ സംയോജനത്തിലൂടെ അതിവിപുലമായ ഒരു പദ്ധതി ഏറ്റെടുക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് ലക്ഷ്യമിടുന്നു.

2024-25 സാമ്പത്തിക വർഷം ഉൽപാദന സേവന പശ്ചാത്തല മേഖലയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതി പ്രവർത്തനങ്ങളുടെ പൂർണ്ണരൂപമാണ് ഞാൻ നിങ്ങൾക്ക് മുമ്പിൽ അവതരിപ്പിച്ചത്. പരിമിതമായ വിഭവസ്രോതസ്സുകളെ ക്രിയാത്മകമായി വിനിയോഗിച്ച് വികസന പ്രവർത്തനങ്ങളിൽ കാര്യക്ഷമതയും സുതാര്യതയും ഉറപ്പാക്കി ലക്ഷ്യം കൈവരിക്കുന്നതിന് നാം പ്രതിജ്ഞാബദ്ധരാണ്. ബഡ്ജറ്റ് ബഹുമാനപ്പെട്ട അംഗങ്ങളുടെ ചർച്ചയ്ക്കും അഭിപ്രായങ്ങൾക്കുമായി സമർപ്പിക്കുന്നു വിശദമായ ചർച്ചക്ക് ശേഷം ബഡ്ജറ്റ് അംഗീകരിച്ചു നൽകണമെന്ന് അഭ്യർത്ഥിക്കുന്നു. ഈ ബഡ്ജറ്റ് തയ്യാറാക്കാൻ സഹായിച്ച എല്ലാ ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും നന്ദി രേഖപ്പെടുത്തുന്നു.